# പതിനഞ്ചാം കേരള നിയമസഭ

## സ്ത്രീകളുടെയും ട്രാൻസ്ജെന്റർമാരുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-2026)

## പതിമൂന്നാമത് റിപ്പോർട്ട്

**(2025 മാർച്ച് മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**[സ്ത്രീകളുടെയും ട്രാൻസ്ജെന്റർമാരുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2019-2021)യുടെ പതിനേഴാമത് റിപ്പോർട്ടിന്മേലുള്ള (പത്തനംതിട്ട ജില്ലയിലെ മഹിളാമന്ദിരത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട്) ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**
**2025**

# പതിനഞ്ചാം കേരള നിയമസഭ

## സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-2026)

## പതിമൂന്നാമത് റിപ്പോർട്ട്

(2025 മാർച്ച് മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2019-2021)യുടെ പതിനേഴാമത് റിപ്പോർട്ടിന്മേലുള്ള (പത്തനംതിട്ട ജില്ലയിലെ മഹിളാമന്ദിരത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട്)ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

# ഉള്ളടക്കം


| | | | |
|---|---|---|---|
| | | | *പേജ്* |
| സമിതിയുടെ ഘടന | | .. | v |
| ആമുഖം | | .. | vii |
| റിപ്പോർട്ട് | | .. | 1 |
| ഭാഗം I | ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സമിതി അംഗീകരിച്ചവ | .. | 2 |

## സമിതിയുടെ ഘടന

<u>ചെയർപേഴ്സൺ</u> :

ശ്രീമതി യു. പ്രതിഭ

<u>അംഗങ്ങൾ</u> :

ശ്രീമതി ഒ.എസ്. അംബിക

ശ്രീമതി സി.കെ. ആശ

ശ്രീമതി ദെലീമ

ശ്രീമതി കാനത്തിൽ ജമീല

ഡോ. എം.കെ. മുനീർ

ശ്രീമതി ശാന്തകുമാരി കെ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീമതി ഉമ തോമസ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ത്രിദീപ് കെ.ജി., അഡീഷണൽ സെക്രട്ടറി

ശ്രീമതി ലാലി വി.എസ്., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി അമ്പിളി പി., അണ്ടർ സെക്രട്ടറി

ശ്രീമതി ബിന്ദു എസ്., അണ്ടർ സെക്രട്ടറി

## ആമുഖം

സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ചെയർപേഴ്സണായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള നിയമസഭയുടെ സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2019-2021) വനിത ശിശുവികസന വകുപ്പിന്റെ കീഴിൽ പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരിയിൽ പ്രവർത്തിക്കുന്ന മഹിളാമന്ദിരം 27.01.2020 ൽ സമിതി സന്ദർശിക്കുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മഹിളാമന്ദിരത്തിൽ അടിസ്ഥാനസ്വകാര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള ശിപാർശകൾ ഉൾപ്പെടുത്തി സമിതി (2019-2021)യുടെ പതിനേഴാമത് റിപ്പോർട്ട് (പത്തനംതിട്ട ജില്ലയിലെ മഹിളാമന്ദിരത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട് ) 18.01.2021 ൽ സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച സർക്കാർ നടപടി സ്റ്റേറ്റുമെന്റുകളും ഉൾക്കൊള്ളിച്ചു തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്

2025 മാർച്ച് മാസം 19-ാം തീയതി ചേർന്ന സമിതിയോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

**യു. പ്രതിഭ,**
ചെയർപേഴ്സൺ,
*സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2025 മാർച്ച് 21.

## റിപ്പോർട്ട്

സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമവുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠന വിധേയമാക്കുന്നതിനും ബന്ധപ്പെട്ട സ്ഥാപനങ്ങൾ സന്ദർശിച്ച് അവയുടെ പ്രവർത്തനം വിലയിരുത്തുന്നതിനും പോരായ്മകൾ പരിഹരിച്ച് നവീകരിക്കുന്നതിനും ആവശ്യമായ ശിപാർശകൾ ഉൾക്കൊള്ളിച്ചുകൊണ്ട് റിപ്പോർട്ടുകൾ തയ്യാറാക്കി സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നു നടപ്പിലാക്കുക എന്നത് സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പ്രധാന കർത്തവ്യങ്ങളിൽ ഒന്നാണ്. അതിന്റെ ഭാഗമായി വനിത ശിശുവികസന വകുപ്പിന്റെ കീഴിൽ പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരിയിൽ പ്രവർത്തിക്കുന്ന മഹിളാമന്ദിരം 27.01.202-ൽ സമിതി സന്ദർശിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, അവിടത്തെ അന്തേവാസികൾ എന്നിവരോട് സംവദിക്കുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സമിതി (2019-2021)യുടെ പതിനേഴാമത് റിപ്പോർട്ട് (പത്തനംതിട്ട ജില്ലയിലെ മഹിളാമന്ദിരത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട്) 18.01.2021-ന് സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ 8 ശിപാർശകളിന്മേൽ തുടർനടപടി സ്വീകരിച്ച് സമിതിയെ അറിയിക്കുന്നതിനായി റിപ്പോർട്ടിന്റെ പകർപ്പ് 24.02.2021 -ൽ വനിത ശിശുവികസന വകുപ്പിന് അയച്ചു കൊടുത്തു.

റിപ്പോർട്ടിലെ എല്ലാ ശിപാർശകൾക്കും 18.11.2023 ലെ വശിവിവ-ബി3/31/2021-വശിവിവ നമ്പർ കത്തുമുഖേന വനിത ശിശുവികസന (ബി) വകുപ്പിൽ നിന്നും മറുപടി ലഭ്യമാക്കുകയും 2.05.2024-ലെ സമിതിയോഗം അവ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. സമിതിയുടെ പ്രസ്തുത ശിപാർശകളും അവയ്ക്ക് സർക്കാർ സ്വീകരിച്ച നടപടികളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

**ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ**

| ക്രമ നമ്പർ | ഖണ്ഡിക നം. | ശിപാർശ | സ്വീകരിച്ച നടപടികൾ |
|---|---|---|---|
| 1 | 8 | മെച്ചപ്പെട്ട രീതിയിലുള്ള പ്രവർത്തനമാണ് നടത്തുന്നതെങ്കിലും പത്തനംതിട്ട മഹിളാമന്ദിരം പരിമിതികളുടെയും പരാധീനതകളുടെയും നടുവിലാണ് നിലനിൽക്കുന്നതെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. മഹിളാമന്ദിരത്തിലേക്ക് ഗതാഗതയോഗ്യമായ വഴിയില്ലെന്നും ശുദ്ധ ജലത്തിന്റെ ദൗർലഭ്യമുണ്ടെന്നും സമിതി മനസ്സിലാക്കി. മഹിളാ മന്ദിരത്തിലേക്ക് പുറമ്പോക്ക് ഭൂമിയിലൂടെ മുമ്പുണ്ടായിരുന്ന റോഡ് അയൽവീട്ടുകാർ കൈയ്യേറിയതിനാൽ മഹിളാമന്ദിരം വരെ വാഹന സൗകര്യമില്ലെന്നും പ്രസ്തുത പുറമ്പോക്ക് ഭൂമി തിരികെ ലഭിച്ചാൽ വാഹനസൗകര്യം ഏർപ്പെടുത്താൻ സാധിക്കുമെന്നും ഇപ്രകാരമുള്ള കയ്യേറ്റം ഒഴിവാക്കുന്നതിനായി മഹിളാമന്ദിരം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ അതിരുകൾ അളന്ന് മതിൽ കെട്ടേണ്ടത് അത്യാവശ്യമാണെന്നും സമിതി വിലയിരുത്തുകയുണ്ടായി. എന്നാൽ സ്ഥലപരിമിതി വളരെയധികം ഉള്ളതിനാൽ പത്തനംതിട്ട മഹിളാമന്ദിരം ഇപ്പോഴത്തെ സ്ഥലത്ത് നിന്നും മാറ്റി സ്ഥാപിക്കുന്നതാണ് ഉചിതമെന്ന് നിരീക്ഷിച്ച സമിതി, അതിന് വേണ്ടി അനുയോജ്യമായസ്ഥലം കണ്ടെത്തണമെന്നും അങ്ങനെ കണ്ടെത്തുന്ന സ്ഥലത്ത് ആധുനിക സൗകര്യങ്ങളോടു കൂടിയ കെട്ടിടം നിർമ്മിക്കണമെന്നും ഇതിനാവശ്യമായ തുക ബജറ്റിൽ വകയിരുത്തണമെന്നും ശിപാർശ ചെയ്യുന്നു. | **വനിത ശിശുവികസന വകുപ്പ്** **(18.11.2023-ലെ വശിവിവ-ബി3/31/ 2021-വശിവിവ നമ്പർ കത്ത് മുഖേന ലഭിച്ചത്)** പത്തനംതിട്ട ജില്ലയിൽ G.O.(MS) 5/96/സാ.ക്ഷേ.വ., തീയതി 28.02.1996 നമ്പർ ഉത്തരവ് പ്രകാരമാണ് മഹിളാ മന്ദിരം പ്രവർത്തിക്കുന്നതിന് അനുമതി ലഭ്യമായത്. ഇലന്തൂർ ബ്ലോക്കിൽ കോഴഞ്ചേരി പഞ്ചായത്തിൽ ഉൾപ്പെട്ട കോഴഞ്ചേരി വില്ലേജിൽ വിദ്യാഭ്യാസ വകുപ്പിന്റെ പേരിലുണ്ടായിരുന്ന 5 സെന്റ് (സർവ്വേ നം. 354/14) ഭൂമിയിൽ പ്രവർത്തിച്ചിരുന്ന ആദായകരമല്ലാത്ത അടച്ചു പൂട്ടിയ ഗവൺമെൻറ് എൽ.പി. സ്കൂൾ കെട്ടിടം സാമൂഹ്യക്ഷേമ വകുപ്പിന് കൈമാറുകയും 10.01.2000 മുതൽ സ്ഥാപനം ഈ കെട്ടിടത്തിൽ പ്രവർത്തിച്ച് വരുകയും ചെയ്യുന്നു. സ്ഥാപനത്തിനോട് ചേർന്ന് 12.5 സെന്റ് പുറമ്പോക്ക് ഭൂമി വകുപ്പിന് കൈമാറ്റം ചെയ്ത് ലഭിക്കുന്നതിനുള്ള നടപടികൾ നടന്ന് വരുന്നു. സ്ഥാപനത്തിലേയ്ക്കുള്ള പഞ്ചായത്ത് റോഡ് ഗതാഗതയോഗ്യ മായിരുന്നുവെങ്കിലും പ്രസ്തുത റോഡും പുറമ്പോക്ക് ഭൂമിയും സ്വകാര്യ വ്യക്തികൾ കൈയ്യേറിയിരിക്കുകയാണ്. ടി പുറമ്പോക്ക് ഭൂമി വിട്ട് കിട്ടുന്ന പക്ഷം, സ്ഥാപനം സ്ഥിതി ചെയ്യുന്ന കെട്ടിടം വിപുലീകരിക്കുന്നതിനും ചുറ്റുമതിൽ ഉൾപ്പെടെയുള്ള മറ്റ് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സാദ്ധ്യമാകും. **(02.05.2024-ലെ യോഗത്തിൽ അംഗീകരിച്ചു.)** |

| | | | |
|---|---|---|---|
| 2 | 9 | മഹിളാമന്ദിരത്തിലെത്തുന്നവരിൽ പലരും മാനസിക അസ്വസ്ഥതകൾ ഉള്ളവരാണ്. ഇവർക്കായി പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ മറ്റ് അന്തേവാസികളോടൊപ്പം തന്നെയാണ് ഇവരെയും താമസിപ്പിക്കുന്നതെന്നും മാനസിക വിഭ്രാന്തിയിൽ പലപ്പോഴും ഇത്തരക്കാർ മറ്റ് അന്തേവാസികളെയും ജീവനക്കാരെയും ദേഹോപദ്രവം ഏല്പിക്കുന്നതായും സമിതി മനസ്സിലാക്കുന്നു. ഇപ്രകാരം മാനസിക അസ്വാസ്ഥ്യമുള്ളവർക്ക് പ്രത്യേക ശ്രദ്ധ ആവശ്യമുള്ളതിനാൽ ഇവർക്കായി ഒരു ഒബ്സർവേഷൻ റൂം ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ മഹിളാമന്ദിരത്തിന് പുതിയ കെട്ടിടം നിർമ്മിക്കുമ്പോൾ പ്രത്യേക ഒബ്സർവേഷൻ റൂം കൂടി നിർമ്മിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **(18.11.2023-ലെ വശിവിവ-ബി3/31/ 2021-വശിവിവ നമ്പർ കത്ത് മുഖേന ലഭിച്ചത്)** നിലവിൽ മഹിളാമന്ദിരം സ്ഥിതി ചെയ്യുന്ന കെട്ടിട വിപുലീകരണം നടത്തിയിട്ടില്ലാത്തതിനാൽ സ്ഥാപനത്തിലെത്തുന്ന മാനസിക അസ്വസ്ഥതകളുള്ളവരെ പാർപ്പിക്കുന്നതിനായി ഒബ്സർവേഷൻ റൂം സജ്ജമാക്കിയിട്ടില്ല. ഭാവിയിൽ ശിപാർശയിൽ നിർദ്ദേശിച്ച പ്രകാരം മഹിളാമന്ദിരത്തിന് പുതിയ കെട്ടിടം നിർമ്മിക്കുമ്പോൾ പ്രത്യേക ഒബ്സർവേഷൻ റൂം കൂടി നിർമ്മിക്കുന്നതാണെന്ന് അറിയിച്ച് കൊള്ളുന്നു. മഹിളാമന്ദിരങ്ങളിൽ സൈക്കോളജിസ്റ്റിന്റെ സേവനം പ്രതിമാസം 8 സെഷനിലൂടെ ലഭ്യമാകുന്നുണ്ട് എന്ന വിവരം കൂടി അറിയിച്ചുകൊള്ളുന്നു. **(02.05.2024-ലെ യോഗത്തിൽ അംഗീകരിച്ചു.)** |
| 3 | 10 | വനിതാ-ശിശുവികസന വകുപ്പിന്റെ കീഴിലുള്ള വൺസ്റ്റോപ്പ് സെന്ററിലും മഹിളാമന്ദിരത്തിലും എത്തുന്ന വനിതകളുടെയും കുട്ടികളുടെയും പ്രാഥമിക പരിശോധനകൾക്കും മറ്റ് ചെലവുകൾക്കും ആവശ്യമായി വരുന്ന തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **(18.11.2023-ലെ വശിവിവ-ബി3/31/ 2021-വശിവിവ നമ്പർ കത്ത് മുഖേന ലഭിച്ചത്)** മഹിളാമന്ദിരത്തിൽ എത്തുന്ന വനിതകളുടെയും കുട്ടികളുടെയും പ്രാഥമിക പരിശോധനകൾക്കും താമസക്കാരുടെ ഭക്ഷണം മറ്റ് ദൈനംദിന ചെലവുകൾ ക്കും വനിതാ ശിശുവികസന വകുപ്പിൽ നിന്നും നോൺ പ്ലാൻ ഫണ്ട് മുഖേന (Basic facility to inmates and maintenance fund) ഇനത്തിൽ തുക അനുവദിച്ച് വരുന്നു. കൂടാതെ, പ്ലാൻ ഫണ്ട് വിനിയോഗിച്ച് താമസക്കാരുടെ വിദ്യാഭ്യാസം, പുനഃരധിവാസം, വിവാഹം, തൊഴിൽ/വരുമാന വർദ്ധന പരിശീലനങ്ങളും തുടങ്ങിയ പ്രക്രിയകൾക്കായി തുക വകയിരുത്തിയിട്ടുണ്ട്. **(02.05.2024-ലെ യോഗത്തിൽ അംഗീകരിച്ചു.)** |
| 4 | 11 | ഒരു സൂപ്രണ്ടും ഒരു ഓഫീസ് അറ്റൻഡന്റും ഒരു വാർഡനും രണ്ട് പ്രൊവൈഡർമാരും ഉൾപ്പെടെ 5 ജീവനക്കാരാണ് അവിടെയുള്ളതെന്നും രാത്രി ഡ്യൂട്ടിക്ക് ഒരു പ്രൊവൈഡർ മാത്രമേയുള്ളുവെന്നും പ്രത്യേക പരിശീലനം ലഭിച്ച സെക്യൂരിറ്റി ഓഫീസറുടെ | **(18.11.2023-ലെ വശിവിവ-ബി3/31/ 2021-വശിവിവ നമ്പർ കത്ത് മുഖേന ലഭിച്ചത്)** വനിത ശിശുവികസന വകുപ്പിന്റെ കീഴിലുള്ള വൺസ്റ്റോപ്പ് സെന്റർ പത്തനംതിട്ട മഹിളാമന്ദിരത്തിലാണ് പ്രവർത്തിച്ച് വരുന്നത്. സൂപ്രണ്ട്, മേട്രൺ, ഓഫീസ് അറ്റൻഡന്റ് ഉൾപ്പെടെ 3 സ്ഥിരം |

| | | | |
|---|---|---|---|
| | | സേവനം അത്യാവശ്യമാണെന്നും സമിതി നിരീക്ഷിക്കുന്നു. അതിനാൽ പ്രസ്തുത മഹിളാമന്ദിരത്തിൽ പ്രത്യേക പരിശീലനം ലഭിച്ച ഒരു സെക്യൂരിറ്റി ഓഫീസറെ നിയമിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ജീവനക്കാരും കരാർ വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന ഒരു മൾട്ടി ടാസ്ക് പ്രൊവൈഡറുമാണ് സ്ഥാപനത്തിലുള്ളത്. രാത്രി ഒരു കെയർ പ്രൊവൈഡർ മാത്രമുള്ള സാഹചര്യത്തിൽ താമസക്കാരുടെ സംരക്ഷണത്തിന് നിലവിൽ വൺസ്റ്റോപ്പ് സെന്ററിലെ വാച്ച് വുമണിന്റെ സേവനം പ്രയോജനപ്പെടുത്തുന്നു. **(02.05.2024-ലെ യോഗത്തിൽ അംഗീകരിച്ചു.)** |
| 5 | 12 | മഹിളാമന്ദിരത്തിലെ അന്തേവാസികൾക്കുള്ള തൊഴിൽ പരിശീലനം കാര്യക്ഷമമായി നടപ്പാക്കുന്നില്ലെന്ന് സമിതിക്ക് ബോധ്യപ്പെടുകയുണ്ടായി. വിവിധ തൊഴിലുകൾ പരിശീലിപ്പിച്ചാൽ സ്വന്തമായി വരുമാനമുണ്ടാക്കി ജീവിക്കാൻ അന്തേവാസികൾ പ്രാപ്തരാകുമെന്നും അങ്ങനെ ലഭിക്കുന്ന തുക അവരുടെ പേരിൽ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചാൽ അവരിൽ ഭാവിജീവിത പ്രതീക്ഷകൾ വളരുമെന്നും സമിതി അഭിപ്രായപ്പെടുന്നു. അതിനാൽ, പേപ്പർ ബാഗ് നിർമ്മാണം, ഗാർമെന്റ്സ് മേക്കിംഗ് എന്നിവ ആരംഭിക്കുന്നതിനായി സാമൂഹ്യ നീതി വകുപ്പിന് നൽകിയിട്ടുള്ള പ്രൊപ്പോസലിൽ അടിയന്തരമായി അനുകൂല നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **(18.11.2023-ലെ വശിവിവ-ബി3/31/2021-വശിവിവ നമ്പർ കത്ത് മുഖേന ലഭിച്ചത്)** മഹിളാമന്ദിരത്തിലെ താമസക്കാരുടെ തൊഴിൽ പരിശീലനം നടപ്പാക്കുന്നതിലേക്കായി സ്ഥാപനത്തിൽ ഗാർമെന്റ്സ് യൂണിറ്റ് ആരംഭിക്കുന്നതിന് ജില്ലാ വനിത ശിശുവികസന ഓഫീസർ മുഖാന്തരം നടപ്പ് സാമ്പത്തിക വർഷം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ടി പ്രൊപ്പോസൽ അംഗീകരിക്കുന്ന മുറയ്ക്ക് താമസക്കാർക്ക് തൊഴിൽ പരിശീലനം നൽകുന്ന പക്ഷം സ്വന്തമായ വരുമാനമാർഗ്ഗം കണ്ടെത്തി മുന്നോട്ട് ജീവിക്കുന്നതിന് അവരെ പ്രാപ്തരാക്കുവാൻ സാധിക്കും. **(02.05.2024-ലെ യോഗത്തിൽ അംഗീകരിച്ചു.)** |
| 6 | 13 | മാനസിക രോഗികളായ സ്ത്രീകളെ പുനരധിവസിപ്പിക്കുവാൻ പത്തനംതിട്ട ജില്ലയിൽ പ്രത്യേക സ്ഥാപനമില്ലെന്നതും മഹിളാമന്ദിരത്തിലെത്തിക്കുന്ന ഇത്തരം സ്ത്രീകളെ മറ്റു ജില്ലകളിലുള്ള മാനസിക രോഗാശുപത്രികളിലെത്തിക്കുന്നതിനായി ആശുപത്രിയിൽ നിന്ന് ആംബുലൻസ് ലഭിക്കുമെങ്കിലും പലപ്പോഴും പോലീസ് സഹായം ലഭ്യമാകാറില്ലെന്നുമുള്ള പരാതി സന്ദർശനവേളയിൽ സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. മഹിളാമന്ദിരത്തിന്റെ പ്രവർത്തനത്തിൽ പോലീസിന്റെ സഹായം കുറവാണെന്ന് നിരീക്ഷിച്ച സമിതി, സ്ഥലം എം.എൽ.എ-യും ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരും ചേർന്ന ഒരു സമിതി രൂപീകരിക്കണമെന്നും പ്രസ്തുത സമിതി | **(18.11.2023-ലെ വശിവിവ-ബി3/31/2021-വശിവിവ നമ്പർ കത്ത് മുഖേന ലഭിച്ചത്)** മഹിളാ മന്ദിരത്തിന്റെ പ്രവർത്തനത്തിൽ പോലീസിന്റെ സേവനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ പരിധിയിലുള്ള ആറന്മുള പോലീസ് സ്റ്റേഷനിലെ സർക്കിൾ ഇൻസ്പെക്ടറെ മഹിളാമന്ദിരത്തിന്റെ മാനേജ്മെന്റ് കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വൺ സ്റ്റോപ്പ് സെന്ററിലെ വനിതാ സിവിൽ പോലീസ് ഓഫീസർമാരുടെ സേവനം ലഭിച്ച് വരുന്നു. **(02.05.2024-ലെ യോഗത്തിൽ അംഗീകരിച്ചു.)** |

| | | | |
|---|---|---|---|
| | | മൂന്ന മാസത്തിലൊരിക്കൽ യോഗം ചേർന്ന് കാര്യങ്ങൾ വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ശിപാർശ ചെയ്യുന്നു. | |
| 7 | 14 | പത്തനംതിട്ട ജില്ലയിൽ ബോയ്സ് ഹോമുണ്ടെങ്കിലും ഗേൾസ് ഹോം ഇല്ലെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ പത്തനംതിട്ട ജില്ലയിൽ നിർഭയ ഷെൽട്ടർ ഹോം ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ഇതിനായി കെട്ടിടം അനുവദിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | **(18.11.2023-ലെ വശിവിവ-ബി3/31/ 2021-വശിവിവ നമ്പർ കത്ത് മുഖേന ലഭിച്ചത്)** പത്തനംതിട്ട ജില്ലയിൽ നിർഭയ ഹോം ആരംഭിക്കുന്നതിലേയ്ക്കായി കേരള മഹിളാ സമഖ്യ സൊസൈറ്റി, പത്തനാപുരം ഗാന്ധിഭവൻ ഇന്റർനാഷണൽ ട്രസ്റ്റ് എന്നീ സംഘടനകളെ ചുമതലപ്പെടുത്തു കയും, ടി സംഘടനകൾക്ക് ഹോം ആരംഭിക്കാൻ കഴിയാതിരുന്ന സാഹചര്യ ത്തിൽ വീണ്ടും താത്പര്യപത്രം ക്ഷണി ക്കുകയും EMS ചാരിറ്റബിൾ സൊസൈറ്റി ഹോം തുടങ്ങുന്നതിലേയ്ക്കായി കെട്ടിടം കണ്ടെത്തി യിട്ടുണ്ട്. 26.05.2023-ൽ ഉദ്ഘാടനം നടത്തി ഹോമിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. **(02.05.2024-ലെ യോഗത്തിൽ അംഗീകരിച്ചു.)** |
| 8 | 15 | സ്ത്രീകളും കൗമാരക്കാരായ പെൺകുട്ടികളും നേരിടുന്ന പ്രശ്നങ്ങൾ നിരവധിയാണെന്നും അതിന്റെ ഫലമായി നിരവധി സ്ത്രീകൾ മാനസികരോഗികളായി മാറുന്നുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. അതിനാൽ, എല്ലാ ജില്ലകളിലും ഫാമിലി കൗൺസിലിംഗ് സെന്ററുകൾ ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **(18.11.2023-ലെ വശിവിവ-ബി3/31/ 2021-വശിവിവ നമ്പർ കത്ത് മുഖേന ലഭിച്ചത്)** നിലവിൽ എല്ലാ ജില്ലകളിലുമായി 35 ഫാമിലി കൗൺസിലിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നു. നിലവിൽ ഫാമിലി കൗൺസിലിംഗ് സെന്ററുകളിലെ ഫാമിലി കൗൺസിലർമാരുടെ സേവനം വനിതാ സംരക്ഷണ ഓഫീസർമാർ ഉപയോഗി ക്കുന്നുണ്ട്. വകുപ്പ് നടത്തിവരുന്ന പ്രീ മാരിറ്റൽ/മാരിറ്റൽ കൗൺസിലിംഗ് പദ്ധതി യുടെ അവിഭാജ്യ ഘടകമാണ് ഫാമിലി കൗൺസിലർമാർ. പ്രസ്തുത പദ്ധതിയ്ക്കായി എല്ലാ ഫാമിലി കൗൺസിലർമാർക്കും രണ്ട് ഘട്ടമായി പരിശീലനവും നൽകി ക്കഴിഞ്ഞു. അതിനു പുറമേ വകുപ്പിന്റെ പല പദ്ധതികൾക്കും ഫാമിലി കൗൺസിലർമാരുടെ സേവനം ഉപയോഗിച്ച് വരുന്നു. കേരള സാമൂഹ്യക്ഷേമ ബോർഡ് പ്രവർത്തനം അവസാനിപ്പിക്കുന്ന നടപടികളിലായ തിനാലും കേന്ദ്ര സോഷ്യൽ വെൽഫെയർ ബോർഡ് നിർത്തലാക്കി യതിനാലും ഫാമിലി കൗൺസിലിംഗ് സെന്ററുകളെ വൺസ്റ്റോപ്പ് സെന്ററുകളുമായി ചേർന്ന് |

| | | | |
|---|---|---|---|
| | | | പ്രവർത്തിപ്പിക്കാമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ടെങ്കിലും മാർഗ്ഗ നിർദ്ദേശങ്ങൾ ലഭ്യമായിട്ടില്ല. മാർഗ്ഗ നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ഇവ കാര്യക്ഷമമായി പ്രവർത്തിക്കുന്ന തിനുള്ള നടപടി സ്വീകരിക്കുന്ന താണ്. കൂടാതെ, വകുപ്പ് വഴി 'കാതോർത്ത്' ഓൺലൈൻ പോർട്ടൽ പ്രവർത്തിച്ച് വരുന്നുണ്ട്. kathorthu.wcd.kerala.gov.in എന്ന ഈ പോർട്ടലിലൂടെ സ്ത്രീകൾക്ക് ഓൺലൈൻ മുഖേന പോലീസ് കൺസൾട്ടേഷൻ, സൗജന്യ നിയമ കൺസൾട്ടേഷൻ, സൈക്കോളജിക്കൽ കൺസൾട്ടേഷൻ എന്നിവ ലഭിക്കുന്നതാണ്. **(02.05.2024-ലെ യോഗത്തിൽ അംഗീകരിച്ചു.)** |

തിരുവനന്തപുരം,
19.03.2025

**യു. പ്രതിഭ**
ചെയർപേഴ്സൺ
സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും
കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും
ക്ഷേമം സംബന്ധിച്ച സമിതി.